പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5 06-01-2014-ൽ മറുപടിയ്ക്ക്

# മാവോയിസ്റ്റ് സാന്നിധ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ഉള്ളതായി പറയപ്പെടുന്ന മാവോയിസ്റ്റ് സാന്നിധ്യം നിരീക്ഷിക്കാനും, അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) വനമേഖലയിൽ ഇവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും വനം വകുപ്പുദ്യോഗസ്ഥരുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) വനം വകുപ്പുമായി ചേർന്ന് മാവോയിസ്റ്റുകളെ നിരീക്ഷിക്കാൻ വേണ്ട നടപടികൾ പുരോഗമിച്ചു വരുന്നു. നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുന്നത് പ്രസ്തുത പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ സാധ്യത ഉള്ളതിനാൽ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| (സി) ആദിവാസി ഗോത്ര മേഖലകളിൽ ഇവർ നുഴഞ്ഞുകയറി സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഏകോപിതമായ പ്രവർത്തനം ഉറപ്പുവരുത്തി ആ മേഖലയുടെ സമഗ്രവികസനം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) ആദിവാസി ഗോത്രമേഖലകളിൽ ഇവർ നുഴഞ്ഞുകയറി സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കാൻ വടക്കൻ ജില്ലകളിലെ ആദിവാസിമേഖലകളിൽ സർക്കാർ നടപ്പിലാക്കുന്ന വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി എ.ഡി.ജി.പി. ഡോ. ബി. സന്ധ്യ ഐ.പി.എസ്.-നെ സ്പെഷ്യൽ ഓഫീസറായും ആറ് വടക്കൻ ജില്ലകളിൽ നോഡൽ ഓഫീസർമാരെയും അട്ടപ്പാടിയിലേക്ക് മാത്രമായി രണ്ട് അസി. സ്പെഷ്യൽ ഓഫീസർമാരേയും നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പ്രവർത്തനം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ